ॐ



**തതസ്തസ്മിൻ മഹാപാനം പപുർമ്മൈരേയകം മധു**
**ദിഷ്ട വിഭ്രംശിതധിയോ യദ്ദ്രവൈർഭ്രശ്യതേ മതി: (11-30-12)**
**മാ ഭൈർജ്ജരേ ത്വമുത്തിഷ്ഠ കാമ ഏഷ കൃതോ ഹി മേ**
**യാഹി ത്വം മദനുജ്ഞാത: സ്വർഗ്ഗം സുകൃതിനാം പദം (11-30-39)**

*ശുകമുനി തുടർന്നു:*
ഞാൻ ആദ്യം പറഞ്ഞതുപോലെ രാജ്യത്ത് കലാപലക്ഷണങ്ങളുടെ ദു:ശകുനങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തന്റെ ബന്ധുമിത്രാദികളോട് ദ്വാരകയിൽനിന്നും പ്രഭാസത്തിലേക്ക് കുടിയേറിപ്പാർക്കാൻ ഭഗവാൻ ഉപദേശിച്ചു. സ്ത്രീകളേയും കുട്ടികളേയും പ്രായം ചെന്നവരേയും ശംഖോദ്ധാരം എന്നയിടത്തും യുവാക്കളെ പ്രഭാസത്തേക്കും അയച്ചു. പ്രഭാസത്തിൽ ബ്രാഹ്മണശാപത്താൽ വ്യാമോഹിതരായ യുവാക്കളുടെ ബുദ്ധിയെ ദുർവിധിയുടെ കാർമേഘം ബാധിച്ചതുകൊണ്ട് അവർ മൈരേയം എന്ന ശക്തിയേറിയ മദ്യം സേവിച്ച് ഉൻമത്തരായി വിവേകബുദ്ധി നിശ്ശേഷം ഇല്ലാതായി. അവിടെ വാദപ്രതിവാദങ്ങളും വഴക്കും, മല്ലയുദ്ധവും യാദവരുടെ ഇടയിൽ കാണായി. താമസംവിനാ, അവർ തമ്മിൽ ഗദകൊണ്ടും അമ്പുംവില്ലുമെടുത്തും മറ്റും പരസ്പരയുദ്ധം തുടങ്ങി. സഹോദരൻമാർ തമ്മിലും അഛനും മക്കളും തമ്മിലും കയ്യിൽക്കിട്ടിയ എന്തുമെടുത്തും പോരാട്ടമായി. ആയുധങ്ങളെല്ലാം തീർന്നപ്പോൾ അവർ എരകപ്പുല്ല് മുറിച്ചെടുത്ത് പരസ്പരം അടിക്കാൻ തുടങ്ങി. സമുദ്രതീരത്തു വളർന്നുവന്ന പുല്ലിൽ ബ്രാഹ്മണശാപഫലമായി ഉണ്ടായ ഇരുമ്പുലക്കയുടെ പൊടി ഉണ്ടായിരുന്നു. പരസ്പരം പുല്ല് വീശിയതോടെ അവർ ചത്തുവീഴാൻ തുടങ്ങി. കൃഷ്ണന്റെ ഇഛ അതായിരുന്നു. ബ്രാഹ്മണശാപവും അതുതന്നെയായിരുന്നല്ലോ. ബലരാമനും കൃഷ്ണനും അവരെ തടയാൻ തുനിഞ്ഞപ്പോൾ യുവാക്കൾ അവർക്കുനേരെ തിരിഞ്ഞു. രാമകൃഷ്ണൻമാർ അവരുടെ പ്രഥമശത്രുക്കളായി. വ്യാമോഹവും കുടിലതയും ബാധിച്ചാൽ എന്തു തന്നെ ചെയ്തു കൂടാ?

അധാർമ്മികരെ മുഴുവൻ നിർമ്മാർജ്ജനം ചെയ്യുക എന്ന അവതാരോദ്ദേശം, യാദവനാശത്തോടെ ഭഗവാൻ പൂർത്തിയാക്കി. അദ്ദേഹവും ദേഹമുപേക്ഷിക്കാൻ തയ്യാറായിരുന്നു. ബലരാമൻ പരംപൊരുളിനെ ധ്യാനിച്ച് ആ സവിധത്തിലേക്ക് ആരോഹണം ചെയ്തു. ഭഗവാൻ കൃഷ്ണൻ ഒരു അരയാലിന്റെ ചുവട്ടിൽ മരത്തിൽച്ചാരിയിരുന്നു. അവിടെ അദ്ദേഹം പുകയില്ലാത്ത അഗ്നിപോലെ ശോഭിച്ചു. ആ സമയത്ത് ജരൻ എന്നുപേരായ ഒരു നായാട്ടുകാരൻ ഭഗവാന്റെ കാൽപ്പാദങ്ങളിലേക്ക് ഒരമ്പയച്ചു. ഒരു മാനിന്റെ വായെന്ന് നിനച്ചാണ് ജരൻ അമ്പയച്ചത്. ഇരുമ്പുലക്കയിലെ അവസാനത്തെ അംശം ആ അമ്പിന്റെ തുമ്പത്തുണ്ടായിരുന്നു. തന്റെ അമ്പിന്നിരയായതാരെന്നു മനസ്സിലാക്കിയ ജരൻ ഉറക്കെ പൊട്ടിക്കരഞ്ഞു. ''ഭഗവാനേ, എന്നെയുടനെതന്നെ കൊന്ന് ഈ പാപത്തിൽ നിന്നു മോചിപ്പിച്ചാലും''. എന്നാൽ പ്രേമപൂർവ്വം ഭഗവാൻ പറഞ്ഞു. ''പേടിക്കണ്ട, ഞാനുദ്ദേശിച്ച കാര്യംതന്നെയാണ് നീ ചെയ്തത്. നിനക്ക് സ്വർഗ്ഗാരോഹണവും ധർമ്മം വാഴുന്നിടത്തൊരു സ്ഥാനവും ലഭിക്കുന്നതാണ്., ഭഗവാനെ വണങ്ങി ഒരാകാശവാഹനത്തിലേറി ജരൻ സ്വർഗ്ഗാരോഹണംചെയ്തു. കൃഷ്ണന്റെ സാരഥിയായ ദാരുകൻ അപ്പോൾ അവിടെയെത്തി. ഭഗവാൻ പറഞ്ഞു. ''തിരിച്ചുപോയി സ്ത്രീകളോടും കുട്ടികളോടും വയോധികൻമാരോടും ഇവിടെ സംഭവിച്ചതെല്ലാം പറയുക. ഞാനിപ്പോൾ ഭൂമിയിലെ വാസം അവസാനിപ്പിക്കാൻ പോവുന്നു. ദ്വാരക പ്രളയജലത്തിൽ മുങ്ങിപ്പോകും. നമ്മുടെ മാതാപിതാക്കളും, കട്ടികളും, വനിതകളും ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകട്ടെ. നിന്റെ കാര്യം - എന്നിൽ ഭക്തനായി ജിവിക്കൂ. നിശ്ചയമായും നീ എന്റെ മണ്ഡലത്തിൽ എത്തിച്ചേരുന്നതാണ്. ഇതു പറഞ്ഞു തീരുമ്പോഴേക്കും രഥം സ്വർഗ്ഗത്തേക്കുയർന്നു.

*കൃഷ്ണന്റെ 'മരണം' സംബന്ധിച്ച ജ്യോതിശ്ശാസ്ത്രപരമായ വസ്തുതകൾ വച്ച് നോക്കുമ്പോൾ കലിയുഗാരംഭം ക്രിസ്തുവിന് മുൻപ് 3106-ൽ ആയിരുന്നു എന്ന് കാണാം.*